2026
MAY
01
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സമുദ്ര മത്സ്യലഭ്യതയിൽ വർധനവ്, കേരളത്തിൽ മത്തി വർധിച്ചു

## * രാജ്യത്തെ ആകെ ഉൽപാദനം 35.7 ലക്ഷം ടൺ
## *കേരളത്തിൽ 6.24 ലക്ഷം ടൺ



**കൊച്ചി:** കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽ നിന്ന് പിടിച്ചത് 35.7 ലക്ഷം ടൺ സമുദ്ര മത്സ്യം. മുൻ വർഷത്തെക്കാൾ ഇന്ത്യയിലാകെ മൂന്ന് ശതമാനത്തിന്റെ വർധനവുയതായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) റിപ്പോർട്ട്. രാജ്യത്ത് ഏറ്റവുമധികം മത്സ്യം പിടിച്ചത് തമിഴ്നാടാണ്. 6.85 ലക്ഷം ടൺ. പ്രതികൂല കാലാവസ്ഥയും മത്സ്യബന്ധന നിരോധന കാലയളവ് നീട്ടിയതിനാലും ഗുജറാത്ത് രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. രണ്ട് ശതമാനം വർധനവോടെ കേരളം മൂന്നാം സ്ഥാനം നിലനിർത്തി. കേരളത്തിൽ മത്തിയുടെ ലഭ്യത 13 ശതമാനം കൂടി കഴിഞ്ഞ പതിറ്റാണ്ടിനിടയിലെ ഉയർന്ന ലഭ്യതയിലെത്തി. 1.68 ലക്ഷം ടണ്ണുമായി സംസ്ഥാനത്ത് ഏറ്റവുമധികം പിടിച്ച മത്സ്യവും മത്തിയാണ്. 2013ന് ശേഷമുള്ള ഏറ്റവും വലിയ ലഭ്യതയാണിത്. കഴിഞ്ഞ വർഷം 1.49 ലക്ഷം ടണ്ണായിരുന്നു. കേരളത്തിലെ ആകെ സമുദ്ര മത്സ്യ ലഭ്യത 6.24 ലക്ഷം ടണ്ണാണ്. മത്തിക്ക് പുറമെ, കിളിമീൻ, കണവകൂന്തൽ, നീരാളി ഇനങ്ങളുടെ ലഭ്യതയിലും വർധനവുണ്ടായി. എന്നാൽ, തിരിയാൻ, ചെമ്മീൻ, പാമ്പാട എന്നിവ കുറഞ്ഞു. മത്തി കഴിഞ്ഞാൽ, അയല (62,269 ടൺ), കൊഴുവ (43,917 ടൺ), കിളിമീൻ (43,184 ടൺ), ചെമ്മീൻ (40,443 ടൺ) എന്നിവയാണ് കേരളത്തിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യയിനങ്ങൾ.

ശക്തമായ മഴയും ചരക്കു കപ്പൽ അപകടവും കാരണം മെയ്, ജൂൺ മാസങ്ങളിൽ തെക്കൻ ജില്ലകളിൽ മത്സ്യബന്ധന ദിവസത്തിൽ കുറവുണ്ടായി. സംസ്ഥാനത്ത് എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ മീൻ ലഭിച്ചത്. കൊല്ലം, കോഴിക്കോട് ജില്ലകളാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലുള്ളത്. ഹാർബറുകളിൽ കൊല്ലം ജില്ലയിലെ നീണ്ടകരയാണ് മുന്നിൽ. എറണാകുളം ജില്ലയിലെ മുനമ്പം രണ്ടാമതാണ്. രാജ്യത്താകെ അയലയാണ് ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം (2.70 ലക്ഷം ടൺ). സമുദ്രമത്സ്യോൽപാദനത്തിൽ കർണാടകയിൽ 44 ശതമാനവും മഹാരാഷ്ട്രയിൽ 18 ശതമാനവും വർധനവ് രേഖപ്പെടുത്തി.

അനുകൂലമായ പാരിസ്ഥിതിക ഘടകങ്ങളാണ് മത്തി പോലുള്ള ചെറിയ മീനുകൾക്ക് ഗുണകരമായതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. നിയന്ത്രിത രീതിയിലുള്ള മത്സ്യബന്ധനവും സഹായകരമായെന്നും അദ്ദേഹം പറഞ്ഞു. സമുദ്രമത്സ്യ മേഖലയിൽ നിന്നുള്ള വരുമാനത്തിലും വർധനയുണ്ടായി. ഇന്ത്യയിലാകെ ലാൻഡിംഗ് സെന്ററുകളിൽ 69,254 കോടി രൂപയും (10.45 ശതമാനം വർധനവ്) ചില്ലറ വിപണിയിൽ 97,702 കോടി രൂപയും (8.43 ശതമാനം വർധനവ്) വിറ്റുവരവുായി. കേരളത്തിൽ ലാൻഡിംഗ് സെന്ററുകളിലെ മൂല്യം 12,665 കോടി രൂപയും (17.8% വർധനവ്), ചില്ലറ വിപണിയിലേത് 16,681 (11.1% വർധനവ്) കോടി രൂപയുമാണ്.

വിപണന കാര്യക്ഷമതയിൽ കേരളം രാജ്യത്ത് ഒന്നാമതാണ് (72.83 ശതമാനം). സിഎംഎഫ്ആർഐയിലെ ഫിഷറി റിസോഴ്സസ് അസസ്മെന്റ്, ഇക്കണോമിക്സ് ആന്റ് എക്സ്റ്റൻഷൻ വിഭാഗമാണ് വാർഷിക സമുദ്രമത്സ്യ ലഭ്യത കണക്കാക്കി റിപ്പോർട്ട് തയ്യാറാക്കിയത്. ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, വിവിധ ഗവേഷണ വിഭാഗം മേധാവികളായ ഡോ ജെ ജയശങ്കർ, ഡോ ശോഭ ജോ കിഴക്കൂടൻ, ഡോ കെ എസ് ശോഭന, ഡോ ജോസ്‌ലീൻ ജോസ്, ഡോ വിവിആർ സുരേഷ്, ഡോ കൃപേഷ് ശർമ എന്നിവർ വാർത്ത സമ്മേളനത്തിൽ സംബന്ധിച്ചു.

## അറിയിപ്പ്

മെയ് ദിനം പ്രമാണിച്ച്
ഇന്ന് ഓഫിസ്
അവധിയായതിനാൽ നാളെ
(മെയ് 02) ന് സൊസൈറ്റി ടുഡേ
ഉണ്ടായിരിക്കുന്നതല്ല.

## അതിഥി തൊഴിലാളികളുടെ മടങ്ങിവരവ് പ്രതിസന്ധിയിൽ;

# സ്പെഷ്യൽ ട്രെയിൻ അനുവദിക്കണമെന്ന് ഹോട്ടലുടമകൾ

**കൊച്ചി :** അസം, ബംഗാൾ തെരഞ്ഞെടുപ്പിന് വോട്ടുചെയ്യുവാൻ പോയ അതിഥിതൊഴിലാളികൾക്ക് തിരികെ വരുവാൻ സ്പെഷ്യൽ ട്രെയിൻ അനുവദിക്കണമെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ. കേരളത്തിലെ ഹോട്ടൽ, റസ്റ്റോറന്റ് അടക്കമുള്ള വ്യാപാര വ്യവസായ നിർമ്മാണ മേഖലയിലെ വിദഗ്ദ, അവിദഗ്ദ തൊഴിലാളികളിൽ ഭൂരിപക്ഷവും അസം, ബംഗാൾ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഇവരെല്ലാം വോട്ടുചെയ്ത ശേഷം തിരികെ കേരളത്തിലേക്ക് വരുവാൻ ട്രെയിൻ ഇല്ലാതെ ബുദ്ധിമുട്ടുന്നു. പതിനായിരക്കണക്കിന് തൊഴിലാളികളാണ് ഗതാഗത സൗകര്യമില്ലാത്തതിനാൽ തിരികെ വരുവാൻ സാധിക്കാത്തത്. തൊഴിലാളികളില്ലാത്തതിനാൽ ഹോട്ടൽ മേഖലയടക്കമുള്ള വ്യവസായ മേഖല ഗുരുതര പ്രതിസന്ധി നേരിടുകയാണ്. ആയതിനാൽ അവർക്ക് കേരളത്തിലേക്ക് വരുവാൻ സ്പെഷ്യൽ ട്രെയിൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ കത്തയച്ചതായും സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും, ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖും അറിയിച്ചു.

# എഐ ചെയ്യുന്നത് ജോലികളിൽ ഗുണപരമായ മാറ്റം സൃഷ്ടിക്കൽ

**കൊച്ചി:** നിർമ്മിത ബുദ്ധി (എഐ ) തൊഴിലുകളെ പൂർണ്ണമായും ഇല്ലാതാക്കുകയല്ല, മറിച്ച് മനുഷ്യർ ചെയ്യുന്ന ജോലികളുടെ രീതികളിൽ ഗുണപരമായ മാറ്റം വരുത്തുകയാണ് ചെയ്യുന്നതെന്ന് സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിലെ എഐ റോബോട്ടിക് വിദഗ്ധൻ ഡോ. പ്രഹ്ലാദ് വടക്കേപ്പാട്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സംഘടിപ്പിച്ച ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ് അംഗങ്ങളുടെ ദ്വിദിന സംസ്ഥാന ക്യാമ്പിന്റെ സമാപന ചടങ്ങ് ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആധുനിക സാങ്കേതിക വിദ്യകളെ കേവലം അറിവായി മാത്രം കാണാതെ, നിരന്തരമായ അന്വേഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അവയെ ജീവിതത്തിന്റെ ഭാഗമാക്കാൻ വിദ്യാർത്ഥികൾ തയ്യാറാകണം. സാങ്കേതിക വിദ്യയുടെ വേഗതയ്ക്കൊപ്പം തന്നെ അതിന്റെ ആഴവും മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. കഠിനാധ്വാനത്തിലൂടെയുള്ള അറിവിനു പകരം എളുപ്പവഴികൾ തേടുന്നത് ഒഴിവാക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. കളമശ്ശേരിയിലെ സ്റ്റാർട്ടപ്പ് വില്ലേജിൽ നടന്ന ചടങ്ങിൽ കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് അധ്യക്ഷനായിരുന്നു. സമാപന ദിവസം സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക, മീഡിയ കൺസൽട്ടന്റ് സുനിൽ പ്രഭാകർ തുടങ്ങിയവർ കുട്ടികളുമായി സംവദിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ നൂതനമായ പ്രായോഗിക പരിശീലനമാണ് ക്യാമ്പിൽ നൽകിയത്. സംസ്ഥാനത്തെ 2,248 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലെ 78,336 കുട്ടികളിൽ നിന്ന് വിവിധ ഘട്ടങ്ങളിലൂടെ തിരഞ്ഞെടുക്കപ്പെട്ട 204 വിദ്യാർത്ഥികളാണ് ഈ സംസ്ഥാനതല ക്യാമ്പിൽ പങ്കെടുത്തത്. ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ മികവ് തെളിയിക്കുന്നതായിരുന്നു രണ്ടുദിവസത്തെ ക്യാമ്പ്.



*ലിറ്റിൽ കൈറ്റ്സ് ദ്വിദിന സംസ്ഥാന ക്യാമ്പിന്റെ സമാപന ചടങ്ങ് സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിലെ ഡോ. പ്രഹ്ലാദ് വടക്കേപ്പാട്ട് ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യുന്നു. കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് സമീപം.*



## ഇന്നത്തെ പരിപാടി

### കൊച്ചി

■ **പാവക്കുളം ശ്രീമഹാദേവക്ഷേത്രം:** പൗർണ്ണമി പൊങ്കാല മഹോൽസവത്തിന്റെ ഭാഗമായി തലപ്പൊങ്കാല സമർപ്പണം രാവിലെ 08.30 ന്, ദിവ്യജ്യോതി പകൽ രാവിലെ 09.00 ന്, പ്രസാദമൂട്ട് ഉച്ചയ്ക്ക് 12.30 ന്

■ **മുളവുകാട് ശ്രീ കാർത്യായനി ദേവി ക്ഷേത്രം :** ലളിത സഹസ്രനാമ ലക്ഷാർച്ചന. രാവിലെ 8 മുതൽ ആചാര്യ ജഗദംബികയുടെ നേതൃത്വത്തിൽ ലളിതശാസ്ത്ര നാമ പാരായണം, രാത്രി 8ന് ആർ എൽ വി രഘു നാരായണന്റെ നേതൃത്വത്തിൽ നൃത്തനൃത്യങ്ങൾ.

### മൂവാറ്റുപുഴ

■ **മുളവൂർ സെൻട്രൽ ജുമാമസ്ജിദ്:** പ്ലസ് വൺ, പ്ലസ്ടു വിദ്യാർഥികളായ ആൺകുട്ടികൾക്കായി റെസിഡൻഷ്യൽ ക്യാമ്പ് ഇഗ്നൈറ്റ് 2026 രാവിലെ 9.30ന്.

■ **കുന്നയ്ക്കാൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി :** മാർ ഗീവർഗീസ് സഹദായുടെ ഓർമപ്പെരുന്നാൾ. രാവിലെ 7.30ന് പ്രഭാതനമസ്കാരം. 8.30ന് കുർബാന, പ്രദക്ഷിണം, നേർച്ച വിളമ്പ്, ലേലം.

■ **അടൂപ്പറമ്പ് പൂനാട് പി.ജെ തോമസിന്റെ വസതി :** പൂനാട് കുടുംബയോഗത്തിന്റെ വാർഷിക സമ്മേളനം വൈകിട്ട് 4ന്ന

### തൃപ്പൂണിത്തുറ

■ **വടക്കേക്കോട്ട സെന്റ് ജോസഫ് പള്ളി:** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളും ഊട്ടു നേർച്ചയും. തിരുന്നാൾ ദിവ്യബലി, നൊവേന, ആരാധന രാവിലെ 06.00 ന്, മുഖ്യകാർമ്മികൻ മോൺ. മാത്യു കല്ലിങ്കൽ, രാവിലെ 10.45 ന് ആഘോഷമായ തിരുന്നാൾ ദിവ്യബലി. മുഖ്യകാർമ്മികൻ വരാപ്പുഴ രൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ.

### അങ്കമാലി

■ മുക്കന്നൂർ ഫിസാറ്റ് ഗൗണ്ട് : റെസിഡൻഷ്യൽ ഫുട്ബോൾ അക്കാദമി സെലക്ഷൻ രാവിലെ 7.30 ന്.

■ **വേങ്ങൂർ സെന്റ് ജോസഫ് പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെയും സെബാസ്ത്യാനോസിന്റെയും തിരുനാൾ. രാവിലെ 9.30ന് തിരുനാൾ പാട്ടുകുർബാന, രാത്രി ഏഴിന് കാഞ്ഞിരപ്പിള്ളി അമല കമ്യൂണിക്കേഷൻസ് അവതരിപ്പിക്കുന്ന നാടകം ഒറ്റ.

■ **വേങ്ങൂർ സെന്റ് ജോസഫ് പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെയും സെബാസ്ത്യാനോസിന്റെയും തിരുനാൾ വൈകിട്ട് 5.30ന്

### പുത്തൻവേലിക്കര

■ **തേലത്തുരുത്ത് ചിന്താ തിയേറ്റേഴ്സ് അങ്കണം :** തേലത്തുരുത്ത് ചിന്താ തിയേറ്റേഴ്സിന്റെ 47ാം വാർഷികാഘോഷം രാത്രി 7.30ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ.

### കോതമംഗലം

■ ഭൂതത്താൻകെട്ട് ഡി.ടി.പി.സി. ഗസ്റ്റ്ഹൗസ് : കൗങ്ങംപിള്ളിൽ കുടുംബയോഗ വാർഷികം രാവിലെ 10.30ന്.

### കോലഞ്ചേരി

■ **കോലഞ്ചേരി പുതുപ്പനം മിഷൻ നഗർ :** സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യടുടെ യൂത്ത് മിഷന്റെ നേതൃത്വത്തിൽ വൈകിട്ട് 6 മുതൽ യുവജന സംഗമം ഉണർവ്വ് 2026 . തിരുവല്ല മിഷൻസ് ഇന്ത്യ ഉണർവ്വ് ബാന്റ് ചെറി ജോർജ് ചെറിയാന്റെ നേതൃത്വത്തിലുള്ള ടീമാണ് ശുശ്രൂഷകൾ നയിക്കുന്നത്. ഫാ. മാത്യൂസ് ചാലപ്പറം, ഫാ. സ്റ്റീഫൻ ജ്ഞാനമറ്റത്തിൽ തുടങ്ങിയവർ നേതൃത്വം നൽകും.

# അക്ഷരങ്ങളുടെ ലോകത്തിലേക്ക് പുതുഹൃദയ സ്പന്ദനവുമായി ആമി



**കൊച്ചി:** പുതുഹൃദയത്തിന്റെ സ്പന്ദനവുമായി ആമി (അമാന മെഹനാസ്, 14) ഇനി അക്ഷരങ്ങളുടെ ലോകത്തേക്ക് വീണ്ടും ചുവട് വയ്ക്കും. ദുബായിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയായ അമാനയാണ് ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിൽ നടന്ന വിജയകരമായ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ശേഷം എറണാകുളം ലിസി ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആയത്.

മസ്തിഷ്ക മരണം സംഭവിച്ച കിളിമാനൂർ സ്വദേശിയായ ജയി ജയകുമാറിന്റെ ഹൃദയമാണ് അമാനയ്ക്ക് പുതുജീവനേകിയത്. മലപ്പുറം ചങ്ങരംകുളം സ്വദേശികളായ മനോജിന്റെയും നിഷിതയുടെയും മകളായ അമാനക്ക് അഞ്ച് വർഷങ്ങൾക്ക് മുമ്പാണ് ഹൃദയ സംബന്ധമായ തകരാർ കണ്ടെത്തിയത്. ഹൃദയത്തിന്റെ വലതു വശത്തെ അറകൾ ക്രമാതീതമായി വികസിക്കുന്ന അസുഖമായിരുന്നു അമാനയ്ക്ക് ഉണ്ടായിരുന്നത്. അഞ്ച് വർഷത്തോളം മരുന്നുകൾ കൊണ്ട് ചികിത്സ മുന്നോട്ട് കൊണ്ടുപോയെങ്കിലും പിന്നീട് ആരോഗ്യം മോശമായതിനാൽ ഹൃദയം മാറ്റിവയ്ക്കലാണ് ഏക പോംവഴിയെന്ന് ഡോക്ടർമാർ നിർദ്ദേശിക്കുകയായിരുന്നു.

തുടർന്നാണ് ലിസി ആശുപത്രിയിൽ ചികിത്സക്കായി എത്തിയത്. കഴിഞ്ഞ മാസം സംസ്ഥാന സർക്കാർ സംവിധാനമായ കെ-സോട്ടോയിൽ രജിസ്റ്റർ ചെയ്തെങ്കിലും ഹൃദയം വേഗത്തിൽ ലഭിക്കുവാനുള്ള സാധ്യത തേടി ചെന്നൈയിലെ ആശുപത്രിയിലേക്ക് പോകുകയായിരുന്നു. ഏപ്രിൽ 8 ന് രാത്രിയോടെ കെസോട്ടോയിൽ നിന്നും അവയവദാനത്തിന്റെ അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് അമാനയുടെ മാതാപിതാക്കളെ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് അവർ വിമാനമാർഗ്ഗം ചെന്നൈയിൽ നിന്നും രാവിലെ ലിസി ആശുപത്രിയിൽ എത്തിച്ചേർന്നു. 9 ന് പുലർച്ചെ നാല് മണിയോടെ ഡോ. ജീവേഷ് തോമസ്, ഡോ. ജോ ജോസഫ്, ഡോ. അരുൺ ജോർജ് എന്നിവരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം തിരുവനന്തപുരത്തേക്ക് പുറപ്പെടുകയും അവിടെയെത്തി വൈകാതെ തന്നെ ഹൃദയം എടുക്കുന്നതിനുള്ള ശസ്ത്രക്രിയ ആരംഭിക്കുകയും ചെയ്തു. ശസ്ത്രക്രിയ പൂർത്തിയാക്കി സംസ്ഥാന സർക്കാർ വാടകക്ക് എടുത്തിരിക്കുന്ന ഹെലികോപ്റ്ററിൽ ഉച്ചക്ക് 1.45 ന് തിരുവനന്തപുരത്ത് നിന്നും ഹൃദയവുമായി പുറപ്പെട്ട മെഡിക്കൽ സംഘം 2.40 ന് ഗ്രാന്റ് ഹയാത്ത് ഹോട്ടലിന്റെ ഹെലിപ്പാടിൽ എത്തിച്ചേരുകയും പോലീസ് സേന ഒരുക്കിയ ഗ്രീൻ കോറിഡോറിലൂടെ നാല് മിനിറ്റ് കൊണ്ട് ലിസി ആശുപത്രിയിൽ എത്തി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുകയും ചെയ്തു. 5.30ഓടെ ഹൃദയം വീണ്ടും സ്പന്ദിച്ചു തുടങ്ങി.

9 മണിയോടെ ശസ്ത്രക്രിയ പൂർത്തിയാക്കി. അമാനയുടെ ആരോഗ്യനില പൂർണ്ണ തൃപ്തികരമാണെന്നും വൈകാതെ തന്നെ സാധാരണ ജീവിതം നയിക്കുവാനും പഠനം തുടരുവാനും സാധിക്കുമെന്നും ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു. ഡോ. ജേക്കബ് എബ്രഹാം, ഡോ. റോണി മാത്യു, ഡോ. ഭാസ്ക്കർ രംഗനാഥൻ, ഡോ. ജീവേഷ് തോമസ്, ഡോ. ജോ ജോസഫ്, ഡോ. പി. മുരുകൻ, ഡോ.ജോബ് വിൽസൺ, ഡോ.ഗ്രേസ് മരിയ, ഡോ. ആന്റണി ജോർജ്, ഡോ. അരുൺ ജോർജ്, ഡോ. ആയിഷ നാസർ, രാജി രമേഷ്, സൗമ്യ സുനീഷ് തുടങ്ങിയവർ ശസ്ത്രക്രിയയിലും തുടർ ചികിത്സയിലും പങ്കാളികളായിരുന്നു. മാനേജിംഗ് ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ മധുരം പങ്കിട്ടാണ് അമാനയെ ആശുപത്രിയിൽ നിന്നും യാത്രയാക്കിയത്. അമാനയുടെ ആഗ്രഹം പോലെ തന്നെ ഒരു കാർഡിയോളജിസ്റ്റ് ആയി തീരുവാൻ സാധിക്കട്ടെ എന്ന് ഫാ. പോൾ കരേടൻ ആശംസിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ഫാ. റോജൻ നങ്ങേലിമാലിൽ, ഫാ. റെജു കണ്ണമ്പുഴ, ജോയിന്റ് ഡയറക്ടർ ഫാ. വർഗീസ് അമ്പലത്തിങ്കൽ, ചികിത്സക്ക് നേതൃത്വം നൽകിയ ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ തുടങ്ങിയവർ ചടങ്ങിനെത്തിയിരുന്നു.

# ഐ.എച്ച്.ആർ.ഡി പ്ലസ് വൺ പ്രവേശനം: മെയ് 21 മുതൽ അപേക്ഷിക്കാം

**കൊച്ചി:** കേരള സർക്കാരിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റിന്റെ (ഐ എച്ച് ആർ ഡി) 15 ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളിലേക്ക് 2026-2027 അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. മുട്ടട, അടൂർ, മല്ലപ്പള്ളി, ചേർത്തല, പുത്തപ്പള്ളി, കലൂർ, കാപ്രശ്ശേരി, ആലുവ, പീരുമേട്, തൊടുപുഴ, വരാടിയം, വാഴക്കാട്, വട്ടംകുളം, പെരിന്തൽമണ്ണ, തിരുത്തിയാട് എന്നീ കേന്ദ്രങ്ങളിലെ സ്കൂളുകളിലേക്കാണ് പ്രവേശനം നടക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ ഓരോ സ്കൂളിലേക്കും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

ഓൺലൈനായും ഓഫ്ലൈനായും അപേക്ഷകൾ സമർപ്പിക്കാം. thss.ihrd.ac.in എന്ന വെബ്സൈറ്റ് വഴി മെയ് 21 രാവിലെ 10 മുതൽ ജൂൺ 5 വൈകിട്ട് അഞ്ച് വരെ ഓൺലൈനായി അപേക്ഷിക്കാം. ഓഫ്ലൈനായി അപേക്ഷിക്കുന്നവർ പൂരിപ്പിച്ച അപേക്ഷാ ഫോമും അനുബന്ധ രേഖകളും അതത് സ്കൂളുകളിൽ ജൂൺ 6 വൈകിട്ട് അഞ്ചിന് മുൻപായി നേരിട്ട് എത്തിക്കണം. അപേക്ഷാ ഫീസ് പൊതുവിഭാഗത്തിന് 115 രൂപയും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് 60 രൂപയുമാണ്. കൂടുതൽ വിവരങ്ങൾക്കും പ്രോസ്പെക്ടസിനpw www.ihrd.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ അതത് സ്കൂൾ ഓഫീസുകളുമായോ ബന്ധപ്പെടണം. കോർഡിനേറ്റർ : 9447242722. നാല് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഐ.ടി.ഐ, ഡിപ്ലോമ, ബി.ടെക് (ഇലക്ട്രിക്കൽ / ഇ.സി.ഇ) എന്നിവയിൽ ഏതെങ്കിലും യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. വാർഷിക കുടുംബ വരുമാനം 2.5 ലക്ഷം രൂപയിൽ താഴെ. താൽപ്പര്യമുള്ളവർക്ക് ഓൺലൈൻ വഴി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കായി 9495999675.

# ടൈ കേരള ടിവൈെഇ ചാപ്റ്റർ ഫൈനൽ മെയ് 2ന്

**കൊച്ചി:** ടൈ കേരള ടിവൈെഇ ചാപ്റ്റർ ഫൈനൽസ് മെയ് 2ന് കേരള സ്റ്റാർട്ടപ്പ് മിഷനിൽ നടക്കും. ഫൈനലിൽ പ്രവേശിച്ചവർ തങ്ങളുടെ ആശയങ്ങൾ ജൂറി പാനലിനു മുമ്പിൽ അവതരിപ്പിക്കും.

വിജയിക്കുന്ന ടീം ജൂണിൽ കൊച്ചിയിൽ നടക്കുന്ന ടിവൈെഇ ഗ്ലോബൽ കോൺഫറൻസ് 2026ൽ ടൈ കേരളയെ പ്രതിനിധീകരിച്ച് പങ്കെടുക്കും. ഈ വർഷത്തെ ടിവൈെഇ ചാപ്റ്ററിൽ പങ്കെടുക്കാൻ ലഭിച്ച നിരവധി അപേക്ഷകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 24 ടീമുകളാണ് സെമിഫൈനലിൽ മത്സരിച്ചത്. തുടർന്ന് ഫൈനലിൽ 12 ടീമുകളാണ് പങ്കെടുക്കുക.

# ഇടപ്പള്ളി പെരുന്നാൾ: മെട്രോ സർവ്വീസ് സമയം നീട്ടി

**കൊച്ചി:** ഇടപ്പള്ളി സെന്റ്. ജോർജ് ഫൊറോന പള്ളി പെരുന്നാളിനോടനുബന്ധിച്ച് മെയ് ഒന്നു മുതൽ 11 വരെ ഇടപ്പള്ളി സ്റ്റേഷനിൽ നിന്ന് രാത്രി 11.30 വരെ ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും കൊച്ചി മെട്രോ സർവ്വീസ് ഉണ്ടാകും.

# ടാങ്കർ ലോറികൾക്ക് ജലം വിൽക്കുന്നവർ ഭൂജലവകുപ്പിൽ രജിസ്റ്റർ ചെയ്യണം




**കൊച്ചി:** ജില്ലയിൽ ടാങ്കർ ലോറികൾ വഴി വിതരണം ചെയ്യുന്നതിന് സ്വകാര്യ സ്രോതസ്സുകളിൽ നിന്ന് ജലം വിൽക്കുന്നവർ ഭൂജലവകുപ്പിൽ രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക. സ്വകാര്യ വ്യക്തികൾ അവരുടെ ജലസ്രോതസ്സുകളിൽ നിന്നും ജലം ശേഖരിച്ച് ടാങ്കർ ലോറികൾക്ക് വിൽപ്പന നടത്തുന്നത് നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി പ്രാബല്യത്തിൽ വന്ന സർക്കാർ ഉത്തരവ്, ജില്ലയിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായി ചേർന്ന പ്രത്യേകയോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.

## രജിസ്ട്രേഷൻ എങ്ങനെ?

ടാങ്കർ ലോറികൾക്ക് ജലം വിൽക്കാൻ താൽപര്യപ്പെടുന്ന വ്യക്തികൾ ഭൂജലവകുപ്പ് ജില്ലാ ഓഫീസിൽ നിശ്ചിത ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കണം. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജലസ്രോതസ്സിൽ യീൽഡ്ടെസ്റ്റ് നടത്തി, പരിസ്ഥിതി ആഘാതം ഉണ്ടാകാത്ത രീതിയിൽ പമ്പ് ചെയ്യാൻ കഴിയുന്ന ജലത്തിന്റെ അളവ് നിഷ്കർഷിക്കും. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഭൂജലവകുപ്പിന്റെ ശുപാർശ പ്രകാരം ഒരു സ്രോതസ്സിൽ നിന്നും നിശ്ചിത അളവ് ജലം ശേഖരിക്കുന്നതിനുള്ള നിരാക്ഷേപ പത്രം (എൻ.ഒ.സി) ജില്ലാ കളക്ടർ അനുവദിക്കും.

## നാളെക്കായി കരുതൽ...

നിലവിൽ ശാസ്ത്രീയ പഠനങ്ങൾ ഇല്ലാതെ വൻതോതിൽ ഭൂഗർഭജലം പമ്പ് ചെയ്തെടുക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും സമീപപ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും ധാരാളം പരാതികളും ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ബൾക്ക്/ടാങ്കർ വാട്ടർ സപ്ലൈ ഉത്തരവ് ജില്ലയിൽ പൂർണതോതിൽ നടപ്പിലാക്കേണ്ടതാണെന്ന് യോഗം വിലയിരുത്തി. ഉത്തരവ് ജില്ലയിൽ നടപ്പിലാക്കുന്നതിന് വേണ്ട പ്രാരംഭ നടപടികൾ സ്വീകരിക്കാൻ ഭൂജലവകുപ്പിനും മറ്റ് അനുബന്ധ വകുപ്പുകൾക്കും കളക്ടർ നിർദേശം നൽകി. സുസ്ഥിരമായുള്ള നാളെക്കായി ഇത്തരം കരുതലുകൾ അനിവാര്യമാണെന്നും വരും തലമുറകളെക്കൂടി പരിഗണിച്ച് മാതൃകാപരമായി പ്രവർത്തിക്കാമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസർ ഡോ. ആർട്സ് കെ. പുരുഷോത്തം, മറ്റ് വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. സ്വകാര്യ ജലസ്രോതസ്സുകളിൽ നിന്നും ജലം ശേഖരിച്ച് ടാങ്കർ ലോറികൾക്ക് വിൽപ്പന നടത്തുന്നത് നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി പ്രാബല്യത്തിൽ വന്ന സർക്കാർ ഉത്തരവ് ജില്ലയിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ ചേർന്ന പ്രത്യേക യോഗം.

# കോഷൻ ഡെപ്പോസിറ്റ് കൈപ്പറ്റണം

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിൽ 2012-13 അധ്യയന വർഷം മുതൽ 2022-23 അധ്യയന വർഷം വരെയുള്ള കാലയളവിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളിൽ കോഷൻ ഡെപ്പോസിറ്റ് കൈപ്പറ്റാത്ത ബിരുദ /ബിരുദാനന്തര വിദ്യാർത്ഥികൾ 2026 മെയ് 15 ന് മുൻപായി കോളേജുമായി ബന്ധപ്പെട്ട് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സഹിതം അപേക്ഷ സമർപ്പിക്കണം.

നിശ്ചിത തീയതിക്കകം അപേക്ഷ നൽകാത്തവരുടെ കോഷൻ ഡെപ്പോസിറ്റ് സർക്കാരിലേക്ക് അടയ്ക്കും.

# ഹ്രസ്വകാല കോഴ്സുകൾ

**കൊച്ചി:** സംസ്ഥാന വിനോദസഞ്ചാരവകുപ്പിന്റെ കീഴിൽ തൃശ്ശൂർ പൂത്തോളിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നു. മെയ് മാസത്തിൽ വീട്ടമ്മമാർക്കും തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്കും വേണ്ടി ബേക്കറി & കൺഫക്ഷണറി, കുക്കറി, ഫുഡ് പ്രിസർവേഷൻ ആൻഡ് കറി പൗഡർ/ മസാല മേക്കിങ് എന്നീ വിഷയങ്ങളിൽ 5 ദിവസം വീതമാണ് ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0487 2384253, 9447610223 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# വിസ്മയക്കാഴ്ചകളുമായി ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പ്

കൊച്ചി: പാഠപുസ്തകത്തിലെ അറിവുകളെ സമൂഹത്തിന്റെ കണ്ണീരൊപ്പുന്ന കണ്ടുപിടുത്തങ്ങളാക്കി മാറ്റി കുട്ടിശാസ്ത്രജ്ഞർ. ഷിരൂരിലെ മണ്ണിൽ പൊലിഞ്ഞ അർജുന്റെ ഓർമ്മകൾക്ക് സാങ്കേതിക വിദ്യയിലൂടെ ജീവൻ നൽകിയും, നിത്യജീവിതത്തിലെ പ്രതിസന്ധികൾക്ക് കുട്ടിത്തമുള്ള പരിഹാരങ്ങൾ കണ്ടെത്തിയും ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പ് വിസ്മയമായി. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സംഘടിപ്പിച്ച ലിറ്റിൽ കൈറ്റ്സ് ദ്വിദിന സംസ്ഥാന ക്യാമ്പിന് കളമശ്ശേരി സ്റ്റാർട്ടപ്പ് വില്ലേജിൽ തുടക്കമായി. കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ ഐ.ടി മേഖലയ്ക്ക് പുത്തൻ പ്രതീക്ഷകൾ നൽകുന്ന ക്യാമ്പിൽ, നിത്യജീവിതത്തിലെ പ്രതിസന്ധികൾക്കും വൻ ദുരന്തങ്ങൾക്കും ക്രിയാത്മകമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനോടൊപ്പം സാങ്കേതിക വിദ്യയുടെ വിസ്മയലോകം കൂടി തുറന്നു കാട്ടുകയാണ് വിദ്യാർത്ഥികൾ. പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ആനിമേഷൻ എന്നീ മേഖലകളിൽ കുട്ടികൾ കൈവരിച്ച അതിശയകരമായ പുരോഗതി വിളിച്ചോതുന്നതായിരുന്നു ക്യാമ്പിലെ പ്രദർശനം. നിത്യജീവിതത്തിലെ വെല്ലുവിളികൾക്കും വലിയ ദുരന്തങ്ങൾക്കും പരിഹാരം കാണുന്ന നൂതനമായ നിരവധി പ്രോജക്റ്റുകളാണ് പ്രദർശനത്തിലെ പ്രധാന ആകർഷണം. ഷിരൂരിലെ മണ്ണിടിച്ചിലിൽ ജീവൻ നഷ്ടപ്പെട്ട അർജുന്റെ ഓർമ്മയ്ക്കായി മലപ്പുറത്തെ കുട്ടികൾ വികസിപ്പിച്ച 'റോബോ അർജുൻ' എന്ന അർവാട്ടർ സബ്മറൈൻ , മനുഷ്യർക്ക് കടന്നുചെല്ലാൻ പ്രയാസമുള്ള ടണലുകളിൽ പരിശോധന നടത്തുന്ന 'ടണൽ റോബോഎക്സ്' , അപകടങ്ങൾ മുൻകൂട്ടി പ്രവചിക്കുന്ന 'ആക്സിഡന്റ് പ്രെഡിക്ഷൻ സിസ്റ്റം' തുടങ്ങിയവ കുട്ടികളുടെ സാമൂഹിക പ്രതിബദ്ധതയെ കൂടി വെളിപ്പെടുത്തുന്നവയാണ്. കാഴ്ച പരിമിതിയുള്ളവർക്ക് സഞ്ചാരപഥത്തിലെ തടസ്സങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്ന 'സോണാർ പൾസ്' , സംസാരശേഷി ഇല്ലാത്തവർക്കായി ആംഗ്യഭാഷയെ ശബ്ദ രൂപത്തിലേക്ക് മാറ്റുന്ന 'വിഗ്ലൗസ്' എന്നിവ ഭിന്നശേഷിക്കാർക്ക് വലിയ പിന്തുണയേകുന്ന ചുവടുവെപ്പുകളാണ്. പ്രായമായവർക്ക് മലയാളത്തിൽ സംസാരിച്ച് നിർദേശങ്ങൾ നൽകുന്ന 'കെയർ ബോട്ട്', ലോകത്തിന്റെ ഏതു ഭാഗത്തിരുന്നും മരുന്ന് നൽകുന്നത് നിയന്ത്രിക്കാവുന്ന 'സ്മാർട്ട് പിൽ ഡിസ്പെൻസർ', ആംബുലൻസുകൾക്ക് ട്രാഫിക് തടസ്സമില്ലാതെ വേഗത്തിൽ ആശുപത്രിയിലെത്താൻ സഹായിക്കുന്ന 'മെഡി റഷ്' ആപ്ലിക്കേഷൻ, ജലാശയങ്ങളിലെ മൈക്രോ പ്ലാസ്റ്റിക് നീക്കം ചെയ്യുന്ന പ്യൂരിഫയർ തുടങ്ങിയവ ആരോഗ്യകാർഷിക മേഖലകളുമായി ബന്ധപ്പെട്ടാണ്. സ്വയം തെങ്ങിൽ കയറി തേങ്ങ പറിക്കുന്ന 'കൊക്കോറോയ്ഡ്' റോബോട്ടും കുടിവെള്ള പൈപ്പുകളിലെ ലീക്ക് കണ്ടെത്തി അറിയിക്കുന്ന സംവിധാനവും പ്രദർശനത്തിലുണ്ടായിരുന്നു. യുദ്ധം വരുത്തിവയ്ക്കുന്ന ദുരന്തം മുതൽ അവയവദാനം, പഹൽഗാം ഭീകരാക്രമണം, താമരശ്ശേരി ചുരത്തിലെ ഗതാഗതക്കുരുക്ക്, ചൂരൽമല ദുരന്തം, മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണം, വനസംരക്ഷണം, ആർട്ടെമീസ് 2 ചാന്ദ്രദൗത്യം, ഭാവിയിലെ ഭൂമി തുടങ്ങിയ വൈവിധ്യങ്ങളായ തീമുകൾ അടങ്ങുന്ന അൻപതോളം ആനിമേഷൻ സിനിമകൾ ക്യാമ്പിൽ കുട്ടികൾ അവതരിപ്പിച്ചു. സംസ്ഥാനത്തെ 2248 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലെ 78,336 കുട്ടികളിൽ നിന്ന് സബ് ജില്ലാ തലത്തിൽ 14,804 കുട്ടികളും തുടർന്ന് 1253 കുട്ടികൾ ജില്ലാ തലത്തിലും ക്യാമ്പുകളിൽ പങ്കെടുത്തിരുന്നു. ജില്ലാ ക്യാമ്പുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 204 വിദ്യാർത്ഥികളാണ് സംസ്ഥാനതല ക്യാമ്പിൽ പങ്കെടുത്തത്.





# ബയോമെട്രിക് ഓതന്റിക്കേഷൻ അവതരിപ്പിച്ച് ഫ്ളിപ്കാർട്ട്

**കൊച്ചി :** ഫ്ളിപ്കാർട്ട്, ആക്സിസ് ബാങ്ക്, പേയു എന്നിവ ചേർന്ന് കാർഡ് പേയ്മെന്റുകൾക്കായി ബയോമെട്രിക് ഓതന്റിക്കേഷൻ സംവിധാനം അവതരിപ്പിച്ചു. ഈ സംവിധാനത്തിലൂടെ ആക്സിസ് ബാങ്ക് കാർഡ് ഉപയോക്താക്കൾക്ക് ഒടിപി ആവശ്യമില്ലാതെ ഫേസ് ഐഡി അല്ലെങ്കിൽ വിരലടയാളം ഉപയോഗിച്ച് ട്രാൻസാക്ഷനുകൾ സ്ഥിരീകരിക്കാം. ഡിവൈസ് ബൈൻഡിംഗും പുരോഗമിച്ച സുരക്ഷാ പരിശോധനകളും ഉപയോഗിച്ച് കൂടുതൽ സുരക്ഷയും വേഗതയും ഉറപ്പാക്കുന്നു. പേയു മെർച്ചന്റ് ഇൻഫ്രാസ്ട്രക്ചർ കൈകാര്യം ചെയ്യുമ്പോൾ, ആക്സിസ് ബാങ്ക് വിബ്മോയുടെ സഹായത്തോടെ ഓതന്റിക്കേഷൻ നിർവഹിക്കുന്നു. റിസേർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ നീക്കമാണിതെന്ന് അധികൃതർ വ്യക്തമാക്കി.

# സ്റ്റാർ ഹെൽത്ത് ഇൻഷുറൻസിന് 911 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് ലിമിറ്റഡ് 2026 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തേക്കാൾ 16 ശതമാനം വളർച്ചയോടെ 911 കോടി രൂപയുടെ അറ്റാദായം കൈവരിച്ചു. 2025 സാമ്പത്തിക വർഷത്തിൽ ഇത് 787 കോടി രൂപയായിരുന്നു. കമ്പനിയുടെ മൊത്തം പ്രീമിയം വരുമാനം വാർഷികാടിസ്ഥാനത്തിൽ 16 ശതമാനം വർദ്ധനവോടെ 20,369 കോടി രൂപയിലെത്തി. റീട്ടെയിൽ ഹെൽത്ത് പ്രീമിയം വാർഷികാടിസ്ഥാനത്തിൽ 20 ശതമാനം വളർച്ചയോടെ 19,341 കോടി രൂപയിലുമെത്തി. 2025 സാമ്പത്തിക വർഷം 165 കോടി രൂപയുടെ അർറൈറ്റിംഗ് നഷ്ടമുണ്ടായിരുന്ന സ്ഥാനത്ത് ഇത്തവണ 206 കോടി രൂപയുടെ ലാഭം കമ്പനി നേടി.  കമ്പനിയുടെ പ്രവർത്തനക്ഷമത വ്യക്തമാക്കുന്ന പ്രധാന സൂചികകളിലും വലിയ പുരോഗതി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# ബാങ്ക് ഓഫ് ബറോഡ വിശേഷ് സമ്മാൻ സേവിങസ് അക്കൗണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ബാങ്ക് ഓഫ് ബറോഡ പ്രീമിയം സേവിങ്സ് ബാങ്ക് അക്കൗണ്ടായ ബോബ് സീനിയർ സിറ്റിസൺ വിശേഷ് സമ്മാൻ അവതരിപ്പിച്ചു. അറുപതു വയസിനു മുകളിലുള്ളവർക്കു മാത്രമായി അവതരിപ്പിക്കുന്ന ഈ അക്കൗണ്ട് അവരുടെ ആരോഗ്യ, സാമ്പത്തിക ക്ഷേമങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണെന്ന് ബാങ്ക് ഓഫ് ബറോഡ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. ദേബദത്ത ചന്ദ് പറഞ്ഞു. ആറു കുടുംബാംഗങ്ങൾക്കു വരെ സൗജന്യ ഓൺലൈൻ ഡോക്ടർ കൺസൾട്ടേഷൻ,  മരുന്നുകൾക്കും രോഗപരിശോധനകൾക്കും ഇളവുകൾ, പ്രതിമാസം രണ്ടു തവണ വരെ കോംപ്ലിമെന്ററിയായി ഡോർസ്റ്റെപ്  ബാങ്കിങ് സേവനങ്ങൾ തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഭാഗമായി ലഭിക്കും. റിവേഴ്സ് മോർട്ട്ഗേജ് വായ്പകൾക്ക് 50 ശതമാനം പ്രോസസ്സിങ് ഫീസ് ഇളവ്, സൗജന്യ നിരക്കിൽ ലോക്കർ, ബോബ് ഭൂമി റുപെ സെലക്ട് ഡെബിറ്റ് കാർഡ് തുടങ്ങിയ മറ്റ് ആനുകൂല്യങ്ങളും ഇതോടൊപ്പമുണ്ടെന്നും ഡോ. ദേബദത്ത ചന്ദ് പറഞ്ഞു.

## മോക്ക് ടെസ്റ്റുകൾ നടത്തും

**തിരുവനന്തപുരം:** ബിരുദതല പ്രവേശനത്തിനുള്ള സി.യു.ഇ.ടി പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മോക്ക് ടെസ്റ്റുകൾ നടത്തും. ' കീ ടു എൻട്രൻസ് ' പോർട്ടലിൽ മെയ് 1 മുതൽ ടെസ്റ്റുകൾ എഴുതാൻ കഴിയും. വിദ്യാർഥികൾക്ക് സ്കൂളിൽ നിന്നും ലഭിച്ച ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് entrance.kite.kerala.gov.in വഴി സേവനം സൗജന്യമായി പ്രയോജനപ്പെടുത്താം. ലോഗിൻ ലഭിച്ചിട്ടില്ലാത്ത കുട്ടികൾ സ്കൂൾ പ്രിൻസിപ്പലിനെയോ നോഡൽ അധ്യാപകനെയോ ബന്ധപ്പെടണം.

# കെ.എം.എ ശിൽപ്പശാല സംഘടിപ്പിച്ചു




**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ഫിനാൻസ് ഫോർ മീഡിയം എന്റർപ്രൈസസ് 360 ഡിഗ്രി ശിൽപ്പശാല സംഘടിപ്പിച്ചു. പനമ്പള്ളി നഗർ കേരള മാനേജ്മെന്റ് ഹൗസിൽ നടന്ന ശിൽപശാല കേരള ഗവൺമെന്റ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ടി. എസ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കെ എം എ മാനേജ്മെന്റ് എജുക്കേഷൻ പ്രോഗ്രാം ചെയർപേഴ്സൺ ഡോ. രാധ തേവന്നൂർ, കെ എം എ മുൻ പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, ഫിൻലാന്റ് സർവീസസ് സീനിയർ പാർട്ണർ ടോണി സാജൻ എന്നിവർ പ്രസംഗിച്ചു. ബിസിനസ് ഉടമകൾ, സംരംഭകത്വത്തിന് തയ്യാറെടുക്കുന്നവർ, രണ്ടാം തലമുറ ബിസിനസ് ഉടമകൾ, സാമ്പത്തിക വിഭാഗം കൈകാര്യം ചെയ്യുന്നവർ തുടങ്ങിയവരെ ലക്ഷ്യമിട്ടാണ് ശിൽപശാല നടത്തിയത്.

ചെലവ് ചുരുക്കാനുള്ള സാമ്പത്തിക ക്രമീകരണം, ലാഭം വർധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ, മൂലധന നിർവഹണം, ബിസിനസുകളുടെ മൂല്യം കണ്ടെത്തൽ, ബാങ്കുകളിൽ നിന്നും ധനസഹായം ലഭ്യമാകുന്ന വഴികൾ, സർക്കാറിൽ നിന്നുള്ള സബ്സിഡികളും ഗ്രാന്റുകളും, ബിസിനസ് തുടർച്ചകൾ, നികുതി രീതികൾ അറിയുക തുടങ്ങിയ വിഷയങ്ങളാണ് ശിൽപശാലയിൽ കൈകാര്യം ചെയ്തത്. ഫെഡറൽ ബാങ്ക് ബിസിനസ് ബാങ്കിംഗ് എ് വി പി റിഞ്ചു കുര്യൻ വർഗ്ഗീസ്, വർമ ആന്റ് വർമ ചാർട്ടേഡ് അക്കൗണ്ട്സ് സീനിയർ പാർട്ണർ വിവേക് കൃഷ്ണഗോവിന്ദ്, കേരള ഗവൺമെന്റ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രൻ ടി എസ്, വർമ ആന്റ് വർമ സീനിയർ പാർട്ണർ രാധേഷ് എൽ ഭട്ട് എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.

# യുപിഐ ഇടപാട്: ബയോമെട്രിക് സംവിധാനം ഒരുക്കി ഐസിഐസിഐ ബാങ്ക്

**കൊച്ചി:** ഐസിഐസിഐ ബാങ്കിന്റെ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷനായ ഐ മൊബൈലിലൂടെയുള്ള യുപിഐ ഇടപാടുകൾക്കായി ബയോമെട്രിക് ഒതന്റിക്കേഷൻ സംവിധാനം അവതരിപ്പിച്ചു. ഇനി മുതൽ വിരലടയാളമോ ഫേസ് റെക്കഗ്നിഷനോ ഉപയോഗിച്ച് 5000 രൂപ വരെയുള്ള ഇടപാടുകൾ നടത്താം. ഈ പുതിയ സൗകര്യം ഉപഭോക്താക്കളുടെ ഇടപാടുകൾ കൂടുതൽ എളുപ്പമാക്കുമെന്ന് ഐസിഐസിഐ ബാങ്ക് അധികൃതർ വ്യക്തമാക്കി. ബയോമെട്രിക് സംവിധാനം അവതരിപ്പിക്കുന്നതിലൂടെ വേഗത്തിലുള്ള പണമിടപാടുകളും കൂടുതൽ സുരക്ഷയും ഉറപ്പാക്കാൻ സാധിക്കും. പ്രധാനമായും പൊതു സ്ഥലങ്ങളിൽ വെച്ച് പണമിടപാടുകൾ നടത്തുമ്പോൾ  മറ്റുള്ളവർ പിൻ നമ്പർ കാണാനുള്ള സാധ്യത ഇതിലൂടെ ഒഴിവാക്കാം. വ്യക്തികൾ തമ്മിലുള്ള പണമിടപാടുകൾ, കടകളിലെ ക്യൂആർ കോഡ് സ്കാൻ ചെയ്തുള്ള പേയ്മെന്റുകൾ, ഓൺലൈൻ പേയ്മെന്റുകൾ എന്നിവയ്ക്കെല്ലാം ഇനി ബയോമെട്രിക് രീതി ഉപയോഗിക്കാം. എന്നാൽ 5000 രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾക്ക് നിലവിലുള്ള യുപിഐ പിൻ ഉപയോഗിക്കണമെന്നും ഐസിഐസിഐ ബാങ്ക് അധികൃതർ വ്യക്തമാക്കി.

# ടൈ കേരള ലീഡർഷിപ്പ് സെമിനാർ സംഘടിപ്പിച്ചു



**കൊച്ചി:** നിർമിത ബുദ്ധിയുടെ കാലഘട്ടത്തിൽ സംസാരിക്കുമ്പോൾ മനുഷ്യ ബുദ്ധിയുടെ ശക്തിയും ആത്മീയ ശേഷിയും അനിവാര്യമാണെന്ന് കോഴിക്കോട് ഐ.ഐ.എം ഡയറക്ടർ പ്രൊഫ. ദേബാഷിസ് ചാറ്റർജി പറഞ്ഞു. ടൈ കേരള ലീഡർഷിപ്പ് സെമിനാർ ഹോട്ടൽ ലേ മെറിഡിയനിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്വാഭാവിക ബുദ്ധിക്ക് നിർമിത ബുദ്ധിയേക്കാൾ മുൻതൂക്കവും മേൽക്കോയ്മയുമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി. വിദ്യാർഥികൾ വ്യാപകമായി എഐ ഉപകരണങ്ങൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ അവയെ ഉത്തരവാദിത്തത്തോടെ ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് , മുൻ പ്രസിഡന്റ് ജേക്കബ് ജോയ് സംസാരിച്ചു.

# നാളികേര മേഖലയിൽ കാര്യക്ഷമത വർധിപ്പിക്കാൻ ആധുനിക സാങ്കേതിക വിദ്യകൾ നിർണ്ണായകം



**കൊച്ചി:** ആധുനിക വിശകലന സാങ്കേതികവിദ്യകളും, മൂല്യശൃംഖല പരിവർത്തനവും ആഗോള നാളികേര മേഖലയിൽ ഇന്ത്യയുടെ മത്സരക്ഷമത വർധിപ്പിക്കാൻ നിർണായകമാണെന്ന് എൻ.ഐ.ഐ.എസ്.ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ പറഞ്ഞു. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യ രസതന്ത്ര വിശകലന ദേശീയ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആധുനിക വിശകലന സാങ്കേതിക വിദ്യകളും മൂല്യവർധനയും, ഭക്ഷ്യസുരക്ഷയും ആഗോള നിലവാരങ്ങളും ഉറപ്പാക്കുന്നതിൽ നിർണായകമാണെന്ന് സമ്മേളനത്തിൽ പങ്കെടുത്ത സി.എഫ്.ടി.ആർ.ഐ ഡയറക്ടർ ഡോ. ഗിരിധർ പർവതം പറഞ്ഞു. ചെലവുകുറഞ്ഞതും ദ്രുതഗതിയിലുള്ളതുമായ വിശകലന രീതികളും ഭക്ഷ്യവിതരണ ശൃംഖലകളിലുടനീളം ഏകീകൃത ട്രേസബിലിറ്റി സംവിധാനങ്ങളും ആവശ്യമാണെന്ന് സിഫ്ട് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അഭിപ്രായപ്പെട്ടു. ഭക്ഷ്യ നാളികേര മേഖലകളിൽ ഗവേഷണം, നവീകരണം, സഹകരണം എന്നിവ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പ്രധാന വേദിയാണ് ഭക്ഷ്യ രസതന്ത്ര വിശകലന ദേശീയ സമ്മേളനമെന്ന് നാളികേര വികസന ബോർഡ് മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ഹനുമന്ത് ഗൗഡ പറഞ്ഞു.

ശാസ്ത്രീയ അറിവ് ലളിതമാക്കുകയും, സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുകയും നിർമ്മിത ബുദ്ധിയും യാന്ത്രിക അധ്യയനവും ഉൾപ്പെടുത്തി നവീകരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് നാളികേര വികസന ബോർഡ് ചീഫ് എക്സിക്കുട്ടിവ് ഓഫീസർ ഡോ. പ്രഭാത് കുമാർ, ചൂണ്ടിക്കാട്ടി. ഭക്ഷ്യ വിശകലന സാങ്കേതികവിദ്യകളിലെ പുതിയ മുന്നേറ്റങ്ങൾ സംബന്ധിച്ച കൈപ്പുസ്തകത്തിന്റെ പ്രകാശനവും സമ്മേളനത്തിൽ നടന്നു. ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയ സെക്രട്ടറിയും ശാസ്ത്ര ഡയറക്ടറുമായ ഡോ. ടി. ബി. കലൈസെൽവൻ, നാളികേര വികസന ബോർഡ് ഡയറക്ടർ ഡി.എസ് രശ്മി തുടങ്ങിയവർ പ്രസംഗിച്ചു.

## അഖിലേന്ത്യാ ബാങ്ക് പെൻഷനേഴ് ആൻഡ് റിട്ടയറീസ്: ഭാരാവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** അഖിലേന്ത്യാ ബാങ്ക് പെൻഷനേഴ് ആൻഡ് റിട്ടയറീസ് സംഘടനയുടെ അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള ഭാരവാഹികളായി കെ വി ആചാര്യ (പ്രസിഡന്റ്), സുപ്രിത സർക്കാർ (ജനറൽ സെക്രട്ടറി), തരുണേഷ് ചാറ്റർജി (ട്രഷറർ), സി ഗംഗാധർ യാദവ്, പി എസ് പട്കി, എസ് ബി സി കരുണാകരൻ, ജെ എസ് ജഗദീഷ്, എസ് കുപ്പുസ്വാമി, എസ് സി അഹൂജ, അശോക് ദേ, പോൾ മുാടൻ, എൻ കെ പരീഖ് (വർക്കിംഗ് പ്രസിഡന്റുമാർ), ഹർവിന്ദർ സിംഗ് (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്) എന്നിവരാണ് പുതിയ ഭാരവാഹികൾ. വിരമിച്ച ബാങ്ക് ജീവനക്കാരുടെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിനും ബാങ്കിംഗ് മേഖലയെ ശക്തിപ്പെടുത്തുന്നതിനുമായി 17 ഓളം സുപ്രധാന പ്രമേയങ്ങളും സമ്മേളനം അംഗീകരിച്ചു. കൊച്ചിയിൽ നടന്ന സംഘടനയുടെ അഞ്ചാമത് ത്രൈ വാർഷിക ദ്വിദിന സമ്മേളനത്തിലായിരുന്നു ഭാരവാഹികളെ തിരഞ്ഞെടുത്തത്. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേർന്ന പ്രതിനിധികൾ നിരവധിയായ വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. ജനറൽ സെക്രട്ടറി സുപ്രീത സർക്കാർ ചർച്ചകൾക്ക് മറുപടി പറഞ്ഞു സുപ്രീം കോടതിയിൽ നടക്കുന്ന പെൻഷൻ പരിഷ്കരണത്തെ കുറിച്ചുള്ള അന്തിമ വിധി ഉടൻ ഉണ്ടാവുമെന്നും അതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.



കെ വി ആചാര്യ (പ്രസിഡന്റ്)



സുപ്രിത സർക്കാർ (ജനറൽ സെക്രട്ടറി)

## നാലാം പാദത്തിൽ 661 കോടി രൂപ അറ്റാദായം നേടി മോത്തിലാൽ ഓസ്വാൾ

**കൊച്ചി:** മാർച്ച് 31ന് അവസാനിച്ച സാമ്പത്തികവർഷത്തെ നാലാം പാദത്തിൽ 661 കോടി രൂപ അറ്റാദായം നേടി മോത്തിലാൽ ഓസ്വാൾ. മുൻ വർഷത്തെ സമാനപാദത്തെ അപേക്ഷിച്ച് ലാഭത്തിൽ 25 ശതമാനമാണ് വർധനവ്. ഏതെങ്കിലുമൊരു പാദത്തിൽ കമ്പനി നേടുന്ന ഉയർന്ന അറ്റാദായമാണിത്. വാർഷിക കണക്കെടുപ്പിൽ ലാഭം 16 ശതമാനം വർധിച്ച് 2360 കോടി രൂപയിലെത്തി. കമ്പനി കൈകാര്യം ചെയ്യുന്ന അസറ്റ് മാനേജ്മന്റ്, ക്യാപിറ്റൽ മാർക്കറ്റ്, ഹൗസിംഗ് ഫിനാൻസ് വെൽത്ത് മാനേജ്മന്റ് വിഭാഗങ്ങൾ മികച്ച വളർച്ചയാണ് രേഖപ്പെടുത്തിയത്. നാലാം പാദത്തിൽ അസറ്റ് മാനേജ്മന്റ് വിഭാഗം 63 ശതമാനം വർധനവ് നേടി 249 കോടി രൂപയിലെത്തി. സ്വകാര്യ വെൽത്ത് മാനേജ്മന്റ് മേഖലയിൽ 88 കോടി രൂപയും മൂലധന വിപണിയിൽ 75 കോടി രൂപയുമാണ് ലാഭം. ഹൗസിംഗ് ഫിനാൻസ് മേഖല 61 ശതമാനം വർധനവോടെ 59 കോടി രൂപ രേഖപ്പെടുത്തി.

## ഗിഫ്റ്റ് സിറ്റിയിൽ പോളിസിബസാർ സാന്നിധ്യം വ്യാപിപ്പിക്കുന്നു

**കൊച്ചി:** ഇൻഷുറൻസ് പോർട്ടലായ പോളിസിബസാർ ഗിഫ്റ്റ് സിറ്റിയിലെ സേവനങ്ങൾ വിപുലീകരിക്കുന്നു. ഇന്ത്യയുടെ ഇന്റർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെന്ററിലെ (ഐഎഫ്എസ്‌സി) സാന്നിധ്യത്തിലൂടെ, 35ലധികം രാജ്യങ്ങളിലെ എൻആർഐകൾക്ക് ഇനി യുഎസ് ഡോളറിൽ അധിഷ്ഠിതമായ നിക്ഷേപ ഇൻഷുറൻസ് പദ്ധതികൾ സ്വന്തമാക്കുന്നതിന് ഇതിലൂടെ അവസരമൊരുക്കുന്നതായി പോളിസിബസാർ അറിയിച്ചു. പ്രമുഖ അന്താരാഷ്ട്ര കമ്പനികൾ ഐഎഫ്എസ്‌സിയിൽ സാന്നിധ്യമുറപ്പിക്കുന്നതിലൂടെ ആഗോള റീഇൻഷുറൻസ് വിപണിയുടെ കരുത്തുറ്റ കേന്ദ്രമായി ഗിഫ്റ്റ് സിറ്റി മാറുകയാണെന്നും പോളിസിബസാർ അറിയിച്ചു. ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രമെന്ന നിലയിൽ, ഗിഫ്റ്റ് സിറ്റി ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, നികുതി ആനുകൂല്യങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്നു. എൻആർഐ ഉപഭോക്താക്കൾക്ക് ആഗോള നിക്ഷേപം എളുപ്പവും കാര്യക്ഷമവുമാക്കുന്നതിന് ഗിഫ്റ്റ് സിറ്റിയിൽ സാന്നിധ്യമുറപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെ ന്ന് പോളിസിബസാറിലെ എൻആർഐ ഇൻവെസ്റ്റ്മെന്റ് ബിസിനസ് മേധാവി ലക്ഷിത് മഹാജൻ പറഞ്ഞു. എൻആർഐ ഉപഭോക്താക്കൾക്ക് പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ച് തങ്ങളുടെ എൻആർഇ അക്കൗണ്ടുകൾ വഴി നേരിട്ട് നിക്ഷേപം നടത്താം. വ്യത്യസ്ത രീതികളിൽ പ്രീമിയം അടയ്ക്കാനും ആവശ്യമെങ്കിൽ ഭാഗികമായി ഫണ്ട് പിൻവലിക്കാനുമുള്ള അവസരമുണ്ട്. അന്താരാഷ്ട്ര ഫണ്ടുകളിൽ നിന്നും ഗോൾഡ്, സിൽവർ ഇടിഎഫുകളിൽ നിന്നും അവർക്ക് തിരഞ്ഞെടുക്കാവുന്നതാണ്. ഓൺബോർഡിംഗ് മുതൽ നിക്ഷേപം വരെയുള്ള മുഴുവൻ പ്രക്രിയയും വിദൂര കെവൈസി ഉപയോഗിച്ച് ഓൺലൈനായി പൂർത്തിയാക്കാമെന്നും കമ്പനി അറിയിച്ചു.

## ബിടെക് :രാജഗിരി എഞ്ചിനീയറിംഗ് കോളേജിൽ 84.39% വിജയം

**കാക്കനാട്:** രാജഗിരി എഞ്ചിനീയറിംഗ് കോളേജിലെ മൂന്നാം സ്വയംഭരണ ബാച്ചിന്റെ ബി.ടെക് ബിരുദ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 84.39 ശതമാനം വിജയമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അശ്വിൻ അശോകൻ (കമ്പ്യൂട്ടർ സയൻസ് -എറണാകുളം), ദിയ പി വർഗീസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റ സയൻസ്- എറണാകുളം), ഫർഹാന ഖാൻ എൻ (സിവിൽ-പത്തനംതിട്ട), സംഘമിത്ര മനോജ് (ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ-കോഴിക്കോട്), മാളവിക എസ് (അപ്ലൈഡ് ഇലക്ട്രോണിക്സ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ -കോഴിക്കോട്), റിദ അബ്ദുൽ റൗഫ് (കമ്പ്യൂട്ടർ സയൻസ് ആൻഡ് ബിസിനസ് സിസ്റ്റംസ് -തൃശ്ശൂർ), ജെഫ്രി ജോർജ് (ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്- ഡൽഹി), സിലാസാദ് (ഇൻഫർമേഷൻ ടെക്നോളജി-എറണാകുളം), ആബെൽ ജോൺസ് (മെക്കാനിക്കൽ-ആലപ്പുഴ) എന്നിവർ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിൽ ഏറ്റവും ഉയർന്ന ഗ്രേഡ് നേടി. ക്യാമ്പസ് റിക്രൂട്ട്മെന്റിനായി നൂറിലധികം പ്രമുഖ കമ്പനികൾ കോളേജിലെത്തുകയും 565 ഓഫറുകൾ ലഭിക്കുകയും ചെയ്തു.

കൂടാതെ 97 കുട്ടികൾക്ക് പെയ്ഡ് ഇൻന്റേൺ ഷിപ്പും ലഭിച്ചിട്ടുണ്ട്. പരീക്ഷയെഴുതിയ 897 വിദ്യാർത്ഥികളിൽ 757 പേർ വിജയിച്ചുവെന്നും അതിൽ 140 കുട്ടികൾക്ക് ഓണേഴ്സും 187 കുട്ടികൾക്ക് മൈനർ ഡിഗ്രിയും ലഭിച്ചുവെന്ന് പ്രിൻസിപ്പാൾ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ അറിയിച്ചു. ബിരുദദാന ചടങ്ങ് മേയ് 16ന് കോളേജ്ക്യാമ്പസിൽ നടക്കും.

ഫാ. പൗലോസ് കിടങ്ങൻ അധ്യക്ഷതവഹിക്കുന്ന ചടങ്ങിൽ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഫാ. ഡോ.ജോസഫ് സി.സി മുഖ്യപ്രഭാഷണം നിർവഹിക്കും. നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ പ്രഥമശ്രേണി അംഗീകാരവും, കേരള ഇൻസ്റ്റിറ്റിയൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് റാങ്കിംഗിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ മൂന്നാം റാങ്കും സ്വകാര്യ സ്വാശ്രയ കോളേജുകളിൽ ഒന്നാം റാങ്കും രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി നേടിയിട്ടുണ്ട്.

# പതിവ് തെറ്റിക്കാതെ അവരെത്തി; വരവേറ്റ് കൊച്ചി ലുലു

**കൊച്ചി:** ലുലുമാൾ കാണണമെന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ആഗ്രഹം പതിവ് തെറ്റിക്കാതെ നിറവേറ്റി കൊച്ചി ലുലുമാൾ അധികൃതർ. കോഴിക്കോട് കുന്നുമ്മൽ ബി.ആർ.സിക്ക് കീഴിലുള്ള 18 ലധികം വിദ്യാർത്ഥികളും അധ്യാപകരും ഇവരുടെ രക്ഷിതാക്കളുമാണ് കഴിഞ്ഞ ദിവസം മാളിലേക്ക് എത്തിയത്. രണ്ട് ദിവസം സംഘടിപ്പിച്ച ദ്വിദിന വിനോദ വിജ്ഞാന യാത്രയുടെ ഭാഗമായിട്ടാണ് ഇവർക്ക് കൊച്ചി ലുലുമാൾ സന്ദർശിക്കാൻ അവസരമൊരുക്കിയത്.

സമഗ്ര ശിക്ഷ അഭയാന്റെ കീഴിൽ വരുന്ന കുന്നുമ്മൽ ബ്ളോക്ക് റിസോഴ്സ് സെന്ററിലെ മേലധികാരികൾ ലുലുമാൾ അധികൃതരെ ബന്ധപ്പെട്ടതോടെയാണ് നടപടികൾ വേഗത്തിലായത്. പിന്നാലെ മാൾ കാണാനും കുട്ടികളുടെ കളിസ്ഥലമായ ഫൺട്യൂറ അടക്കമുള്ള വിനോദ സ്ഥലങ്ങൾ ഇവർക്ക് ആസ്വദിക്കാനും ലുലു അധികൃതർ അവസരമൊരുക്കി. കൊച്ചി മെട്രോ കയറി മാളിലേക്ക് എത്തിയ കുട്ടികളെ ലുലു അധികൃതർ റോസാപൂക്കൾ നൽകി സ്വീകരിച്ചു. ഇവർക്ക് സഞ്ചരിക്കാനായി വീൽ ചെയറും ഒരുക്കിയിരുന്നു. ലുലുവിലെ വിനോദകേന്ദ്രമായ ഫൺ ട്യൂറയിലെ ഒരോ റൈഡുകളിലും കയറി കളിസ്ഥലം ആസ്വദിച്ചു. ലുലുവിലെ വിനോദ സ്ഥലത്ത് ഭക്ഷണം അടക്കമുള്ള എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിരുന്നു. ലുലു ഫുഡ് കോർട്ടും കളി സ്ഥലങ്ങളും, ഹൈപ്പർ മാർക്കറ്റും തുടങ്ങി ഓരോ കാഴ്ചകളും കൺ നിറയെ കണ്ടാണ് കുട്ടികൾ മടങ്ങിയത്. കുട്ടികളുടെ ജീവിതത്തിലെ മറക്കാനാകാത്ത നിമിഷമാണ് സംഭവിച്ചതെന്ന് അധ്യാപകർ പ്രതികരിച്ചു. അധ്യാപകരായ ട്രെയിനർ സി എൻ സനൂപ് , കെ.പി ബിജു പ്രയ്സി തോമസ്, സൂരജ് ടി കെ, അഞ്ചിമ, അഞ്ജു തുടങ്ങിയവർ യാത്രക്ക് നേതൃത്വം നൽകി. ലുലു മാൾ മാനേജർ റിചേഷ് ചാലുപ്പറമ്പിൽ, ഓപ്പറേഷൻസ് മാനേജർ ഒ സുകുമാരൻ, സെക്യൂരിറ്റി മാനേജർ കെ.ആർ ബിജു എന്നിവർ സന്നിഹിതരായിരുന്നു.



# ഡയറി ഡേ സെയിൽസ് ഫോഴ്സുമായി സഹകരിക്കുന്നു

**കൊച്ചി:** സെയിൽസ് ഫോഴ്സും ഇന്ത്യയിലെ ടോപ് ടെൻ ഐസ് ക്രീം ബ്രാൻഡും കാൻഡി, കോൺ നിർമ്മാതാക്കളായ ഡയറി ഡേയുമായി സഹകരിക്കുന്നു. ഫ്രണ്ട് എൻഡ് വിൽപ്പന ഡിജിറ്റലാക്കാനും വിപണി ദൃശ്യത വർദ്ധിപ്പിക്കാനുമായി ഏജന്റ് ഫോഴ്സ് സെയിൽസ്, ഏജന്റ് ഫോഴ്സ് സർവീസ് എന്നിവ ഫലപ്രദമായ രീതിയിൽ വിന്യസിപ്പിച്ചിരിക്കുകയാണ്. 23 വർഷത്തിലേറെ പ്രവർത്തന പരിചയമുള്ള ഡയറി ഡേ ഈ സഹകരണത്തിന്റെ ചുവടുപിടിച്ച് തങ്ങളുടെ ഉൽപ്പന്നങ്ങൾ ടയർ 2, ടയർ 3 വിപണികളിലേക്ക് വ്യാപിപ്പിക്കാനും അടുത്ത 3 വർഷത്തിനുള്ളിൽ 1000 കോടി രൂപയുടെ വിറ്റ് വരവ് നേടുകയെന്ന ലക്ഷ്യത്തോടെ ചില്ലറ വ്യാപാരം ഇരട്ടിയാക്കാനും ലക്ഷ്യമിടുന്നുവെന്ന് ഡയറി ഡേ ഐസ്ക്രീം സിടി ഒ വെങ്കിടേശ്വരൻ കൃഷ്ണമൂർത്തി പറഞ്ഞു. കമ്പനിയുടെ സെയിൽസ് ടീമുകൾക്ക് തത്സമയ ദൃശ്യതയും മികച്ച ഉപകരണങ്ങളും നൽകുകയും ഫ്രീസർ ഇൻവെന്ററി ട്രാക്ക് ചെയ്യുന്നത് മുതൽ വിൽപ്പന ടീമുകളുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നത് വരെ ഞങ്ങളുടെ പ്രവർത്തനത്തിൽ മൂർത്തമായ മാറ്റങ്ങൾ വരുത്താൻ സെയിൽസ് ഫോഴ്സ് പ്ലാറ്റ്ഫോമിന് കഴിഞ്ഞതായും വെങ്കിടേശ്വരൻ കൃഷ്ണമൂർത്തി പറഞ്ഞു. എല്ലാ ഫ്രണ്ട് എൻഡ് എക്സിക്യൂഷൻ ശേഷികളും സെയിൽസ് ഫോഴ്സിൽ ഏകീകരിച്ച് ഒരു സ്കേലബിൾ ഡിജിറ്റൽ സെയിൽസ് ഇക്കോസിസ്റ്റം സൃഷ്ടിക്കാനും ഡയറി ഡേക്ക് പദ്ധതിയുണ്ട്. രാജ്യത്തെ കൺസ്യൂമർ ബ്രാൻഡുകൾ ഒരു പുതിയ വളർച്ചാ യുഗത്തിലേക്ക് പ്രവേശിക്കുകയാണെന്നും ശക്തമായ പ്രാദേശിക വേരുകളും മികച്ച ഡിജിറ്റൽ നിർവ്വഹണവും സമന്വയിപ്പിക്കുന്ന ബ്രാൻഡുകളാണ് മുൻപന്തിയിൽ നിൽക്കുക എന്നതിന്റെയും മികച്ച ഉദാഹരണമാണ് ഡയറി ഡേയെന്നും സെയിൽസ് ഫോഴ്സ് ഇന്ത്യ ആർ വി പി ആൻഡ് കൺസ്യൂമർ ആൻഡ് മാനുഫാക്ച്ചറിംഗ് ഇൻഡസ്ട്രി സെഗ്മെന്റ് തലവൻ ആദിതി ശർമ്മ അഭിപ്രായപ്പെട്ടു.

# അഡ്മിഷൻ ആരംഭിച്ച് സൈലം

**കൊച്ചി:** നീറ്റ്, ജെഇഇ 2027 പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കുള്ള റിപ്പീറ്റർ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ച് എഡ്ടെക് സ്ഥാപനമായ സൈലം ലേണിംഗ്. ഓഫ്‌ലൈൻ ക്ലാസ് ഓൺലൈൻ ക്ലാസ് എക്സാം എന്ന സൈലത്തിന്റെ പുതിയ ഹൈബ്രിഡ് പാറ്റേണിലായിരിക്കും റിപ്പീറ്റർ ബാച്ച് നടക്കുക. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് സൈലത്തിന്റെ ഹൈബ്രിഡ് ക്യാമ്പസുകൾ ഉള്ളത്. സൈലം ലേണിംഗ് ആപ്പിലൂടെയുള്ള ഓൺലൈൻ റിപ്പീറ്റർ കോഴ്സും ലഭ്യമാണ്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com